**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **12-02-2025 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കാക്കനാട് - തങ്കളം നാലുവരി പാത km 0/000 (മനയ്ക്കക്കടവ്) മുതൽ km 27/324 (തങ്കളം) വരെ കെ.ആർ.എഫ്.ബി. പി എം യുവിന്റെ പരിധിയിൽ വരുന്നു. പ്രസ്തുത റോഡ് 4 മണ്ഡലത്തിൽ കൂടെ കടന്നു പോകുന്നുണ്ട് (കുന്നത്തുനാട് 17 കീ മീ, മൂവാറ്റുപുഴ -1.74 കി മീ, പെരുമ്പാവൂർ -1.26 കീ മീ, കോതമംഗലം -7.324കീ മീ). പ്രസ്തുത നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപക്ക് 01.11.2016 ൽ തത്വത്തിൽ ഭരണാനുമതി നൽകുകയും 12/02/2021 തീയതിയിൽ ടി ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 27.324 കിമി നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (കി.മി 20/000 മുതൽ 27/324) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കിയത് കിഫ്ബിയിലേക്ക് 10/08/2020 ൽ സമർപ്പിച്ചിരുന്നു. ഭാഗികമായി സമർപ്പിക്കാതെ 0/000 മുതൽ 27/324 വരെ ഒന്നിച്ചു സമർപ്പിക്കുവാൻ 04/06/2021ലെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം കിഫ്ബിയിൽ നിന്നും നിർദേശിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ 0/000 മുതൽ 20/000 യുള്ള ഭാഗത്തു 2009 -ൽ നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡിസൈൻ വിഭാഗം സ്ഥല പരിശോധന നടത്തുകയും അലൈൻമെന്റും പ്രൊഫൈലും തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത പ്രൊഫൈൽ പ്രകാരം IRC അനുവദിക്കുന്ന |

ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8% പല സ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. പെരുമ്പാവൂർ മണ്ഡലത്തിൽ വരുന്ന Ch 18/740 മുതൽ 20/000 വരെയുള്ള ഭാഗത്തു ഈ ഗ്രേഡിയന്റ് 10% മുതൽ 18% വരെ ആണ്. കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കിമി 20/000 മുതൽ 27/324 വരെ) ഭാഗത്തു ഈ ഗ്രേഡിയന്റ് 18% മുതൽ 34% വരെ ആണ്. ആയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലാത്തതും ഫീസിബിൾ അല്ല എന്നും ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കുകയും പാരിസ്ഥിതിക പഠനത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്തു ഈ പദ്ധതിയെ സംബന്ധിച്ച ഉന്നതതല തീരുമാനം KIIFB യിൽ നിന്നും എടുക്കുന്നതിന് KRFB കാര്യാലയത്തിൽ നിന്നും 03/02/2023 തീയതിയിൽ തുടർ നിർദ്ദേശങ്ങൾക്കായി അറിയിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 12-05-2023 തീയതിയിൽ KIIFB ഉന്നതതല ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെൻറ് സന്ദർശിക്കുകയും ചെയ്തു. KIIFB യിൽ നിന്നുള്ള 01.06.2023 തീയതിയിലെ സൈറ്റ് വിസിറ്റ് റിപ്പോർട്ട് No. PWD014-34-MISC-01 പ്രകാരം കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ 0/000 മുതൽ 27/324 വരെ ) ഉള്ള ഇപ്പോഴത്തെ അലൈൻമെന്റ് KIIFB മാനദണ്ഡങ്ങൾ പ്രകാരം feasible അല്ല എന്ന് CEO KIIFB അറിയിച്ചു. ആയതിനാൽ മറ്റ് അലൈന്മെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനായി നിർദേശിക്കുകയും ഇതിലേക്കായി ഡ്രോൺ സർവ്വേ നടത്തുന്നതിനായി 06.06.2023 ന് കിഫ്‌ബി TRC വിങ്ങിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട് .

Ch 24/600 മുതൽ Ch 26/057 വരെയുള്ള സ്ഥലം ഏറ്റെടുപ്പിനുള്ള ഭരണാനുമതി സ്റ്റേറ്റ് ബഡ്ജറ്റ് ഫണ്ടിൽ നിന്നും 16.02.2016 തീയതിയിൽ 20 കോടി രൂപ നൽകിയതിനെ തുടർന്ന് order no A9-941/2009 dated 12.12.2019 പ്രകാരം

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പിന് തുക കൈമാറി നൽകുകയു സ്ഥലമേറ്റെടുപ്പ് നടപടികൾ അവസാനഘട്ടത്തിലുമാണ്. കിഫ്ബിയിൽ നിന്നും ലഭ്യമായ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റിന്റെ സാധ്യതാ പരിശോധന എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. ആർ. എഫ് ബി. മൂവാറ്റുപുഴ / ഇടുക്കി കാര്യാലയത്തിൽ നടന്നു വരുന്നുണ്ട്. |
| (ബി) | എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് വലിയ വികസന സാധ്യത നൽകുന്ന പദ്ധതി എന്ന നിലയിൽ തങ്കളം-കാക്കനാട് നാലുവരിപ്പാത പദ്ധതി സാങ്കേതിക തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമ ഘട്ടത്തിലായ പ്രസ്തുത പദ്ധതിയുടെ Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗം ഒഴിവാക്കിയതിനുശേഷം കിഫ്ബി TRC വിഭാഗത്തിൽ നിന്നും സാധ്യത പഠന റിപ്പോർട്ട് ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ